ലക്കം 24
മാർച്ച് 2021

# ഇശൽ പൈതൃകം

ത്രൈമാസിക

Volume 24
March 2021

മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിളകലാ അക്കാദമി
കൊണ്ടോട്ടി
സാംസ്കാരിക കാര്യ വകുപ്പ്
കേരള സർക്കാർ

ഇശൽ പൈതൃകം
ത്രൈമാസിക
ലക്കം 24
2021 മാർച്ച്
പകർപ്പാവകാശം: പ്രസാധകർക്ക്
വില: Rs. 200/-

ചീഫ് എഡിറ്റർ
ഡോ. ഹുസൈൻ രണ്ടത്താണി
എഡിറ്റർ
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.
കോ-ഓഡിനേറ്റിംഗ് എഡിറ്റർ
ഡോ. കെ.കെ മുഹമ്മദ് അബ്ദുൽ സത്താർ

എഡിറ്റോറിയൽ ബോർഡ്
റസാഖ് പയമ്പ്രോട്ട്
എം.എൻ. കാരശ്ശേരി
കാനേഷ് പൂനൂർ
പുലിക്കോട്ടിൽ ഹൈദരലി
ടി.കെ. ഹംസ
ഡോ. അനീസ് ആലങ്ങാടൻ
സൈദലവി ചീരങ്ങോട്ട്
മാനേജിംഗ് കമ്മിറ്റി
കെ.എ ജബ്ബാർ
കെ.വി. അബുട്ടി
കെ.പി. സന്തോഷ്
ബഷീർ ചുങ്കത്തറ
വി.എം. ഫിറോസുദ്ദീൻ

പ്രസാധകർ
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി,
കൊണ്ടോട്ടി - 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
Peer-Reviewed
UGC Listed
Quarterly
Bilingual
Issue- 24
March 2021
Reserved

Price : Rs.200/-

**Editor:**
Dr. shamshad hussain. KT

Printed @ Aone offset
Ramanattukara

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

Copyright rests with the Publisher. The authors are responsible for the contents and views expressed.

## ഉള്ളടക്കം


കൊറോണ കാലത്തെ ജീവിതം — 07
*ഡോ. ഷംഷാദ് ഹുസൈൻ കെ.ടി*

നാടോടിസംസ്കൃതിയും സാഹിത്യരചനയും — 09
*ഡോ.അജയപുരം ജ്യോതിഷ്കുമാർ*

യു.എ ഖാദർ: നാട്ടുജീവിതങ്ങളുടെ പ്രതിപാദനം — 22
*ഡോ. മുഹമ്മദ് ശഫീഖ് വഴിപ്പാറ*

വിഷ്ണു നാരയണൻ നമ്പൂതിരിയുടെ കവിതാപാരമ്പര്യം — 31
*ഡോ. നന്ത്യത്ത് ഗോപാലകൃഷ്ണൻ*

Language as a system: Cultural Documents and Ethnographic Region — 41
*Babu C.T Sunil*

A comparative study on self-compassion among type-A, type-B personality of college students — 53
*Lulu Farshana M*

Defining Muslim Woman's Identity: A narrative of Negotiating Identities — 68
*Dilruba. K*

വിഷചികിത്സയിലെ മന്ത്രപാരമ്പര്യം — 83
*ഡോ. ഉമ്മൈബാൻ പി എ (മൈന ഉമ്മൈബാൻ)*

ദക്ഷിണേന്ത്യൻ നൃത്തപാരമ്പര്യത്തിന്റെ ബഹുസ്വരത — 96
*കവിത കെ.എസ്*

മലബാറിലെ മുസ്ലീംസ്ത്രീ പ്രതിനിധാനം ആദ്യകാല നാടകത്തിലും ജീവിതത്തിലും — 111
*ഷിഫാന. കെ*

ISSN:2582-550X

# യു.എ ഖാദർ: നാട്ടുജീവിതങ്ങളുടെ പ്രതിപാദനം

ഡോ.മുഹമ്മദ് ശഫീഖ് വഴിപ്പാറ

കഥയെഴുത്തിന്റെ മണ്ഡലത്തിൽ തന്റേതായ വഴി തിരഞ്ഞെടുക്കുകയും അതിൽ കരുത്തോടെ സഞ്ചരിക്കുകയും ചെയ്ത എഴുത്തുകാരനാണ് യു.എ ഖാദർ(1935-2020). പ്രമേയസ്വീകരണത്തിലും ആഖ്യാനശൈലിയും വ്യത്യസ്തത സ്വീകരിച്ച ഖാദർ, മലയാള സാഹിത്യ ചരിത്രത്തിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. തന്റെ ജീവിത പരിസരങ്ങളെ സൂക്ഷ്മമായി സ്വാംശീകരിച്ച് അവയെ സർഗദേശങ്ങളായി പരിവർത്തിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ മിടുക്ക് എടുത്തുപറയേണ്ടതാണ്. ദേശത്തെയും അവിടത്തെ ജനതയുടെയും അടരുകളെ യു.എ ഖാദർ ആവിഷ്കരിച്ചത് എങ്ങനെയാണെന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

**വേറിട്ട ജീവിതാനുഭവം**

കൊയിലാണ്ടിക്കാരനായ മൊയ്തീൻകുട്ടി ഹാജി ബർമയിൽ കച്ചവടക്കാരനയിരുന്നു. അദ്ദേഹം ബർമക്കാരിയായ മാമൈദിയെ വിവാഹം ചെയ്തു. അവർക്കുണ്ടായ മകനാണ് യു.എ ഖാദർ. ബർമയിലെ ബില്ലിൻ എന്ന ഗ്രാമത്തിൽ 1935 ലാണ് ഖാദർ ജനിക്കുന്നത്. ജനിച്ച മൂന്നാം ദിവസം ഉമ്മ മരിച്ചു. പെറ്റമ്മയുടെ മുലപ്പാലിന്റെ ഗന്ധമറിയാതെ അദ്ദേഹം വളർന്നു. രണ്ടാം ലോക മഹായുദ്ധം ആരംഭിക്കുന്ന സമയം. ഇന്ത്യൻ കച്ചവടക്കാരും മറ്റു നാടുകളിൽ നിന്നു വന്നവരും ബർമയിൽ നിന്ന് ഒഴിഞ്ഞു പോകണമെന്ന അറിയിപ്പ് വന്നു. ഉപ്പയുടെ കൂടെ ഖാദറിന് അഭയാർത്ഥിയായി നാട്ടിലേക്ക് മടങ്ങേണ്ടി വന്നു. ആ അനുഭവം അദ്ദേഹം വിവരിക്കുന്നതിങ്ങനെയാണ്: "ഒരു എട്ട്, ഒമ്പത്

വയസ്സുകാരനായ എനിക്ക് മറ്റു അഭയാർത്ഥികളുടെ കൂടെ നടന്നു പോകാം എന്നല്ലാതെ മറ്റൊന്നും അറിയില്ലായിരുന്നു. നടക്കാൻ പോലും എനിക്ക് വയ്യായിരുന്നു. കുറേസമയം ഉപ്പ തോളിലേറ്റും. പിന്നെ ഉപ്പയുടെ മരുമകൻ തോളിലേറ്റും. വനത്തിലൂടെയും വെളിമ്പറമ്പുകളിലൂടെയും നിരനിരയായ മനുഷ്യപ്രവാഹം. ശരീരത്തിലെ ചിണർപ്പുകൾ പഴുത്ത് ചീഞ്ഞ് ചൊറിയും ചിരങ്ങുമായി മാറിയിരിക്കുന്നു. ചോരയും ചലവും ഉപ്പയുടെ ചുമലിലൂടെ ഒഴുകുന്നു. താഴ്വരയിലൊഴുകുന്ന നദിയുടെ നേർത്ത ജലപ്പരപ്പിൽ വെള്ളം ശേഖരിക്കാനെത്തിയ മൂത്താപ്പ അവിടെ ചത്തുവീർത്ത മനുഷ്യശരീരങ്ങൾ കണ്ട് തലചുറ്റി വീണു. ദാഹിച്ചും വിശന്നുവലഞ്ഞും ദിക്കറിയാത്ത യാത്ര. അന്നു നടന്നത് അരാക്കാൻ മലകളിലൂടെയായിരുന്നു എന്ന ഭൂമിശാസ്ത്രം അറിയുന്നത് പിന്നീട് എത്രയോ വർഷങ്ങൾക്കു ശേഷമാണ്. ജീവൻ തിരിച്ചു കിട്ടിയെന്ന വിശ്വാസം വന്നത് അക്യാവിലെത്തിയപ്പോഴായിരുന്നു. യാത്രക്കിടയിൽ മരിച്ചുവീണ ഉറ്റവരെയും അരാക്കാൻ കാടുകളിൽ ഉപേക്ഷിച്ചു. ബർമയിലെ സമ്പാദ്യങ്ങൾ അവിടെയും. ഉപേക്ഷിക്കാതെ ഒക്കത്തേന്തിയെത്തിച്ചത് എന്നെയായിരുന്നു." (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020, പുറം: 41)

ഉപ്പയുടെ കൊയിലാണ്ടിയിലെ വീട്ടിൽ ഖാദർ വളർന്നു. അവിടത്തെ കുടുംബനാഥ ഉപ്പയുടെ ഉമ്മയായിരുന്നു. അവരാണ് വളർത്തിയത്. അവരിലൂടെ മലയാള ഭാഷ പഠിച്ചു. തൊട്ടടുത്ത സ്കൂളിൽ പഠിക്കാൻ പോയി. വായനയുടെയും ഭാവനയുടെയും ലോകത്തേക്ക് ആ കുട്ടി പതുക്കെ പ്രവേശിച്ചു. ജീവിതത്തിൽ ആദ്യമായി വായിച്ച ഒരു മലയാള നോവൽ ബഷീറിന്റെ 'ബാല്യകാല സഖി'യായിരുന്നുവെന്നും അത് തന്നത് സി.എച്ച് മുഹമ്മദ് കോയയായിരുന്നുവെന്നും അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ട് (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020, പുറം:43. മാധ്യമം ആഴ്ചപ്പതിപ്പ്, 2020, പുറം: 41). സുഹ്റയുടെയും മജീദിന്റെയും ദു:ഖങ്ങൾ ഏറ്റെടുത്ത് ഖാദർ പലതവണ കരഞ്ഞു. സ്വന്തം ജീവിതത്തിലെ പലതരം നോവുകളും കരയാനുള്ള കാരണങ്ങളായി വേവുന്നുണ്ടായിരുന്നു. മുഖം വ്യത്യാസമുള്ളതിനാൽ സ്കൂളിൽ സഹപാഠികൾ കളിക്കാൻ കൂട്ടാതെയും കൂടെകൂട്ടാതെയും ഒറ്റപ്പെടുത്തിയതിന്റെ വേദന മനസ്സിനെ വല്ലാതെ നീറ്റുന്നുണ്ടായിരുന്നു. ജീവിത്തിൽ അനുഭവിച്ച ഒറ്റപ്പെടലുകളുടെ വേദനകൾ യു.എ ഖാദർ മറികടന്നത് അക്ഷരങ്ങളുടെ കരുത്തിലായിരുന്നു.

ISSN:2582-550X

**നാട്ടുജീവിതം**

ഓരോ ഗ്രാമത്തിന്റെയും വിശ്വാസങ്ങളും അനുഷ്ഠാനങ്ങളു ആദാനപ്രദാനങ്ങളും തലമുറകൾ കൈമാറുന്നത് പലപ്പോഴു കഥകളിലൂടെയും മിത്തുകളിലൂടെയുമാണ്. വടക്കേമലബാറിലെ വ ഗ്രാമങ്ങളുടെ പലതരം കഥകൾ 'തൃക്കോട്ടൂർ' എന്ന ഒ ഭാവനാദേശം സൃഷ്ടിച്ച്, വിവിധ പശ്ചാത്തലങ്ങളുടെ പിന്തുണയി അവതരിപ്പിക്കുകയാണ് യു.എ ഖാദർ കാര്യമായും ചെയ്തതു "കഥാരചനയിൽ നമ്മുടെ നാടൻപാട്ടുകളുടെ വാഗ്രൂപപാരമ്പര്യ (oral tradition) ഈ എഴുത്തുകാരൻ ആവാഹിക്കുന്നു" എന്ന കെ. അപ്പന്റെ നിരീക്ഷണം(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020, പുറം:1 ശ്രദ്ധേയമാണ്. കേരളീയ ഗ്രാമീണ ജീവിതത്തിന്റെ അനിവാര്യമാ അടരുകളായി അവ സംഭവിക്കുന്നു. എന്നാൽ 'തൃക്കോട്ടൂർ' എന്ന നിശ്ചിതമായ അതിരുകളുള്ള ഏതെങ്കിലും ഒരു ഗ്രാമം മാത്രമ എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതുണ്ട്. ഖാദർ തന്നെ തൃക്കോട്ടൂ എന്താണെന്ന് പറഞ്ഞിട്ടുണ്ട്. "എന്റെ തൃക്കോട്ടൂർ എന്ന പറയുന്നതും പന്തലായനിയുമൊക്കെ ഒരു സാങ്കൽപ്പിക സ്ഥലമാണ് ഇത് വടക്കേ മലബാറിലെ ഏതുഗ്രാമവുമാകാം. ചന്ദ്രഗിരിപ്പുഴയ്ക്ക് തെക്കുഭാഗത്ത് കോരപ്പുഴയ്ക്ക് വടക്കുഭാഗത്തുള്ള ഏത സ്ഥലവുമാകാം. അവിടെയൊക്കെ നടക്കുന്ന കാഴ്ചകളും അനുഷ്ഠാനങ്ങളും ആചാരങ്ങളുമൊക്കെയാണ് തൃക്കോട്ടൂരും മറ്റുമായി മാറിയത്. തൃക്കോട്ടൂർ തിക്കോടിയാണെന്ന് ചിലർ വിശ്വസിച്ചിരുന്നു. ആ വിചാരം ശരിയല്ല"(മാധ്യമം ആഴ്ചപ്പതിപ്പ് 2020, പുറം: 42). ഈ ദേശത്തെ ജനങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും കാവുകളുടെയും തിറകളുടെയും കഥകളും നാടോടിക്കഥകളും പലതരം മനുഷ്യരുടെ പെരുമാറ്റങ്ങളും ജീവിതവൈവിധ്യങ്ങളുമെല്ലാം ഖാദർ തന്റെ രചനകളിലൂടെ ആവിഷ്കരിച്ചു.

തൃക്കോട്ടൂർ പരമ്പരയിലെ ആദ്യകഥയായ 'തൃക്കോട്ടൂരംശം' 1978 ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചു. തിക്കോടിയും പള്ളിക്കരയും പാലൂരും പരന്നു നടക്കുന്ന അധാർമികമായ വഴികളുടെയും നാട്ടധികാര ശ്രേണിയുടെയും കഥകൾ മികച്ച ആഖ്യാനത്തിന്റെ കരുത്തിൽ ഖാദർ അതിൽ വിവരിക്കുന്നുണ്ട്. കുഞ്ഞിക്കേളപ്പകുറുപ്പ് എന്ന ചെട്ട്യാരുകണ്ടിത്തറവാട്ടിന്റെ ഇപ്പോഴത്തെ കൈകാര്യകർത്താവിനെ ചുറ്റിപ്പറ്റി വികസിക്കുന്ന പ്രമേയം നാട്ടിലെ വ്യത്യസ്ത മനുഷ്യരുടെ ജീവിതം ഉൾക്കൊള്ളുന്നു. ആരെയും വകവെക്കാത്ത കുഞ്ഞിക്കേളപ്പകുറുപ്പിന്

മാപ്പിളപ്പെണ്ണുങ്ങൾ വെച്ചു വിളമ്പുന്നത് തിന്നാനും അവർ വിരിക്കുന്ന പായകളിൽ ഉറങ്ങാനുമാണ് കമ്പം എന്ന സംസാരം നാട്ടിൽ പരസ്യമായി നടക്കുന്നു. നാട്ടിൽ നടക്കുന്ന ദുരൂഹമരണങ്ങൾക്കു പിന്നിൽ അദ്ദേഹമാണെന്നും അത് ചെയ്യുന്നത് പെണ്ണുങ്ങളെ സ്വന്തമാക്കാൻ വേണ്ടിയാണെന്നും നാട്ടുകാർ വിശ്വസിക്കുന്നു. എങ്കിലും കുറുപ്പിന്റെ കേളി നാട്ടിൽ തകരാതെ തുടരുകയും ചെയ്യുന്നുണ്ട്. ദേശത്തിന്റെ വൈവിധ്യമാർന്ന അടരുകളിലൂടെ മുന്നേറുന്ന ഈ ആഖ്യാനത്തിന്റെ തുടർച്ചയിൽ തന്നെയാണ് തുടർന്നുള്ള തൃക്കോട്ടൂർ കഥകളും സഞ്ചരിക്കുന്നത്.

മലബാറിലെ തറവാടുകളിലും കാവുകളിലുമായി കെട്ടിയാടുന്ന തിറയും തെയ്യവുമെല്ലാം ഖാദർ രചനകളിൽ പൊലിമയോടെ ദൃശ്യപ്പെടുന്നത് കാണാം. ക്ഷേത്രോത്സവങ്ങളും കളിയാട്ടവും കോമരവും മന്ത്രവാദവുമെല്ലാം ചേർന്ന് കുഴങ്ങിമറിഞ്ഞ അന്തരീക്ഷം വായനക്കാരന്റെ മനസ്സിൽ നാട്ടുദൈവങ്ങളുടെ കോലം വരയ്ക്കും. 'വരോളിക്കാവിൽ ഓലച്ചൂട്ടുതെറ' എന്ന നോവെല്ലയിൽ തിറയും കളിയാട്ടവും കോമരവും മന്ത്രവാദവുമെല്ലാമുണ്ട്. 'ദുബായിത്തെയ്യം' എന്ന നോവലിൽ ദുബായിൽ നിന്ന് വന്ന അതൃമാൻ കളരിക്കാവിൽ ആടാൻ വേണ്ടി തെയ്യം കെട്ടിയത് വിവരിക്കുന്നുണ്ട്. 'വണ്ണാൻ തൊടിക്കൽ വൈദ്യൻമാർ' എന്ന നോവലിൽ മൂവ്വാളംകുഴി ചാമുണ്ടിതെയ്യത്തെ കുറിച്ച് പറയുന്നുണ്ട്.

ആദിവാസികളായ അടിയാൻമാരുടെ ജീവിതം പ്രമേയവത്കരിക്കുന്ന 'വള്ളൂരമ്മ', 'ചെമ്പവിഴം' എന്നീ നോവലുകൾ ഖാദറിന്റെ വ്യത്യസ്ത രചനകളാണ്. അടിയാൻമാർക്കിടയിൽ നിലനിൽക്കുന്ന ജനനം മുതൽ മരണം വരെയുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസങ്ങളുമെല്ലാം ഇവയിൽ പ്രതിപാദിക്കുന്നു. കല്യാണം, ചികിത്സ, ദേവതാസങ്കൽപ്പം, ഭക്ഷണം, തൊഴിൽ, ആഘോഷം തുടങ്ങിയ ജീവിതബന്ധിതമായ നിമിഷങ്ങളെല്ലാം നോവലുകളിൽ കടന്നുവരുന്നു. കഥാപാത്രസംഭാഷണത്തിനായി ആദിവാസി ഭാഷ തന്നെ ഉപയോഗിച്ചിരിക്കുന്നു.

ഖാദർ തന്റെ കഥാഖ്യാനങ്ങളിൽ നാടോടി പൈതൃകത്തെ ബോധപൂർവ്വം പിന്തുടരുന്നത് കാണാം. വടക്കൻപാട്ടുകളുടെ ഗദ്യാഖ്യാനം എന്ന നിലയിലാണ് ഖാദർ പലപ്പോഴും കഥ തുടങ്ങുന്നതെന്ന് ഡോ.കെ.എസ് പ്രകാശ് നിരീക്ഷിച്ചിട്ടുണ്ട്. (സാഹിത്യത്തിലെ ഫോക്‌ലോർ, പുറം: 39) 'മാണിക്യം വിഴുങ്ങിയ കണാരൻ' എന്ന കഥയിൽ നോക്കുക: "പണ്ട് പയ്യമ്പള്ളി നടയ്ക്കു താഴെ, പാലോടം കുനി പെരച്ചകുട്ടി ഉറ്റവരും ഉടയവരുമറിയാതെ,

ISSN:2582-550X

ചതിയാലഞ്ചു ചതിയാലും പൊളിയാൽ ചത്തു പൊളിയാല നേരാൽ നൂറുനേരാലും നൂറ്റുവർകാവ് നരിയങ്കക്കിഴി പൊത്തത്ത മടിക്കുത്തിൽ ചെരിയതു പോലെ കണാരൻ മുതലാളി മുച്ചൂട നേടി.'' നാടോടി കഥന പാരമ്പര്യത്തിന്റെ പ്രതിപാദ്യ ശൈലിയാണിവിടെ ഖാദർ സ്വീകരിച്ചിരിക്കുന്നത്. യു.കെ കുമാര എഴുതുന്നു: "തനിമയാർന്ന കൽപ്പനകൾ കൊണ്ടും പ്രതീകങ്ങ കൊണ്ടും ഏറെ സമ്പന്നമാണ് വടക്കൻ പാട്ടുകൾ. ആനകേറാമല ആള്കേറാമല ആയിരം കാന്താരി പൂത്തിറങ്ങ്, വയനാടൻ മഞ്ഞ മുറിച്ച പോലെ, കുന്നത്തു വെച്ച വിളക്കു പോലെ എന്ന പ്രയോഗങ്ങൾ ശുദ്ധമായ കാൽപ്പനിക മണ്ഡലത്തിൽ വേറിട്ട നിൽക്കുന്നവയാണ്. താളാത്മകവും കേരളീയവുമായ ഇത്തര ശൈലിയെ സമകാലീന മലയാള സാഹിത്യത്തിന് ഏറെ പരിചയപ്പെടുത്തിയതു യു.എ ഖാദറാണ്. ഖാദറിന്റെ തൃക്കോട്ടൂ കഥകളുടെ അടിവേര് വടക്കൻ പാട്ടുകളും ആദിമ വടക്കൻ ജീവിത രീതിയുമാണ്'' (സാഹിത്യത്തിലെ ഫോക്‌ലോർ, പുറം: 84-85).

## മുസ്ലിം ജീവിതം

മുസ്ലിം സാമൂഹ്യ ജീവിതത്തിന്റെ വിവിധ വ്യവഹാരങ്ങളും ഗൃഹാനുഭവങ്ങളും മലയാളത്തിൽ കാര്യമായി പ്രചരിക്കുന്നത് ബഷീറിലൂടെയാണ്. ഇസ്ലാമിന്റെ സമഭാവനയും കാരുണ്യവുമെല്ലാം ബഷീർ ബഹുസ്വരമായ കഥപറച്ചിലുകളിലൂടെ ആവിഷ്കരിച്ചു. ബഷീറിന്റെ രചനകളൊടൊപ്പം തന്നെ മുസ്ലിംജീവിതപ്രമേയ പരിസരത്ത് ചർച്ചയാകേണ്ട രചനകളാണ് യു.എ ഖാദറിന്റേത്. അറുപതുകളിൽ തന്നെ മുസ്ലിം മതാനുഷ്ഠാന ബന്ധിതമായ ജീവിതാവസ്ഥയിലെ കഥാപാത്രങ്ങളെ ഖാദർ ആവിഷ്കരിച്ചു. 1966-ൽ പുറത്തിറങ്ങിയ 'ചങ്ങല' മലബാറിലെ മുസ്ലിം ജീവിതാന്തരീക്ഷം വിശദമാക്കുന്ന നോവലാണ്. മുസ്ലികൾക്കിടയിലെ പള്ളിവഴക്കുകളും മാസപ്പിറവിയുടെ സംശയങ്ങൾ വിശ്വാസികൾക്കിടയിൽ വരുത്തിവയ്ക്കുന്ന സ്വഭാവ ദൂഷ്യങ്ങളും ബന്ധത്തകർച്ചകളുമെല്ലാം നോവലിൽ വിവരിക്കുന്നു. മരുമക്കത്തായം പിന്തുടരുന്ന തറവാടിന്റെ പശ്ചാത്തലത്തിലാണ് കഥ പറയുന്നത്.

'ചങ്ങല'യിലേതു പോലെ, 'കുഞ്ഞാലിയുടെ ഇര' എന്ന രചനയിലും മരുമക്കത്തായ മുസ്ലിം തറവാടുകളിലെ രീതികളെ കുറിച്ച് വിവരിക്കുന്നുണ്ട്. മുസ്ലിം തറവാടുകളിൽ മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്നു. അതിന്റെ പശ്ചാത്തലത്തിൽ

കൂടിയാണ് അവയുടെ വിവരണം. മുസ്‌ലിം വിവാഹവും അനുബന്ധ ചടങ്ങുകളും ഖാദറിന്റെ രചനകളിൽ കാണാനാകും. കല്യാണം ആണുങ്ങളെല്ലാം കൂടി ആലോചിച്ചുറപ്പുക്കുന്നതും ചടങ്ങ് എന്ന നിലയിൽ പെണ്ണിനോട് സമ്മതം ചോദിക്കുന്നതുമെല്ലാം 'ചങ്ങല', 'ഒരു മാപ്പിളപ്പെണ്ണിന്റെ ലോകം', 'സ്രഷ്ടാവിന്റെ ഖജാന' എന്നീ നോവലുകളിൽ കാണാനാകും. "നഫീസയോടു ഏഴാമത്തെ പ്രാവശ്യവും സമ്മതം ചോദിച്ചു. അവൾ നിലവിളിക്കുക മാത്രം ചെയ്തു. പൊട്ടിക്കരയുന്ന അവളെ ആരോ നുള്ളി നോവിച്ചു. അപ്പോൾ അവൾ ആ...എന്നു വിളിച്ചു. ആ നിലവിളി സമ്മതമായി സ്വീകരിച്ചു." (ഒരു മാപ്പിളപ്പെണ്ണിന്റെ ലോകം, പുറം:114). ഈ സമീപനത്തിന് ഇന്ന് ഏറെ മാറ്റം ഉണ്ടായിട്ടുണ്ട്. ആ മാറ്റം ഏറ്റവും അവസാനം ഖാദർ എഴുതിയ 'അലിമൊട്ട്' എന്ന കഥയിൽ വ്യക്തമായി കാണാനുമാകും(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020, പുറം: 8-15). നടവണ്ണൂരിലെ ഖാസി കുഞ്ഞമ്മദ് മുസ്‌ലിയാരുടെ മകൾ അലിമൊട്ട് താൻ ഭർത്താവായി കാണുന്ന പുരുഷന്റെ പേര് ഉപ്പയെയും വീട്ടുകാരെയും അങ്ങോട്ടു അറിയിക്കുകയാണ്. വീട്ടുകാർ അത് സമ്മതിക്കുകയും ചെയ്യുന്നു. സാമൂഹിക ജീവിതത്തിന്റെ സമകാല പരിസരങ്ങൾക്കനുസരിച്ച് സമുദായത്തിനകത്തുണ്ടാകുന്ന മാറ്റങ്ങളെ എഴുത്തുകാരനെന്ന നിലയിൽ സ്വീകരിച്ചു തന്നെയാണ് ഖാദർ മുന്നോട്ടു പോയത്.

മാപ്പിള/മുസ്‌ലിം ജീവിത വ്യവഹാരങ്ങളിൽ നിത്യാനുഭവങ്ങളായി നിറഞ്ഞുനിൽക്കുന്ന ഉസ്താദും പള്ളിയും പള്ളിക്കാടും ബൈത്തും നോമ്പും സകാത്തും നേർച്ചയും വയളുമെല്ലാം ഖാദർ രചനകളിൽ മികവോടെ ആഖ്യാനം ചെയ്യപ്പെട്ടു കിടക്കുന്നതു കാണാം. രോഗം ബാധിച്ചാൽ ആത്മീയ ചികിത്സാരീതികൾ സ്വീകരിക്കുന്നത് മാപ്പിളമാർക്കിടയിൽ പതിവായിരുന്നു. ബൈത്ത് ൊചാല്ലിയും നേർച്ച നേർന്നും അതിനെ മറികടക്കാനുള്ള ശ്രമം ിശ്വാസികൾ നടത്തും. അത്തരം രംഗങ്ങൾ 'ചങ്ങല'യിൽ കാണാം: ജുമുഅത്ത് പള്ളിയിൽ രാത്രി 'ഇശാ' നമസ്കാരത്തിനു ശേഷം ളുകൾ ഒത്തുകൂടി. ഇടവഴിയിലൂടെയും പെരുവഴിയിലൂടെയും ബൈത്തുകൾ ചൊല്ലി, ആ മഹാവ്യാധി വിതറുന്ന ചെകുത്താനെ ളുകൾ ആട്ടിയോടിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇടവഴികളിൽ ർദ്ധരാത്രിയുടെ ഇരുണ്ടയാമങ്ങളിൽ മനുഷ്യശബ്ദം ഉയർന്നു.

മാലത്തീഫു ല ...നസൽ....വാൽത്തുഫീനാ ഫീമാ നസൽ....
എല്ലാ ബലാമ ...ത്തുകളും എടങ്ങേറുകളും..
വദ്രീങ്ങളെ ...തിനാൽ ശിഫയാക്കണെ,

ISSN:2582-550X

യാ റബ്ബനാ...'

ഇടവഴികളിൽ, മനുഷ്യശബ്ദമകന്നു പോയാല ഉലുവാന്റെയും കുന്തിരിക്കത്തിന്റെയും മണം കുറേ നേ തങ്ങിനിൽക്കും. യാതൊരു വീടും, രാത്രിയായാൽ തുറക്കുകയി ആരെങ്കിലും വാതിൽ മുട്ടിയാൽ തുറക്കാൻ പാടില്ലെന്നാണ് നിയമ കാരണം അങ്ങനെ തുറന്നാൽ ആളെ കാണില്ല. പിറ്റേദിവസ അവിടെ വാതിൽ തുറന്ന ആൾക്ക് 'കുരിപ്പ്' പൊന്തുകയും ചെയ്യു പിന്നെ ആ വീട് ഒന്നടങ്കം. പെട്രോമാക്സ് വെളിച്ചവുമാ അന്തിതോറും ബൈത്ത് ചൊല്ലി ജുമായത്ത് പള്ളിയിൽ നിന്നു 'വരവ്' പുറപ്പെടുന്നു...രാത്രിയിലെ ബൈത്ത് ചൊല്ലിയുള്ള സവാരിക്ക് ശേഷം നാൽപ്പത്തിയൊന്നാം ദിവസം നേർച്ച കഴിക്കേണ്ട ആവശ്യകതയിലേക്ക് ഒരു മൂരിക്കുട്ടനെ ഏർപ്പാട ചെയ്തിരുന്നു"(ചങ്ങല, പുറം: 94-95).

രോഗം ബാധിച്ചപ്പോൾ അതിൽ നിന്നു മുക്തി നേടാനുള്ള പരിഹാരം തേടിയെത്തുന്നത് ആത്മീയാനുഷ്ഠാനങ്ങളിലാണ് സാധാരണ മാപ്പിളമാർ ചെയ്യുന്ന രീതി തന്നെയാണിത്. ബദ്ർ യുദ്ധത്തിൽ രക്തസാക്ഷികളായവരുടെ പേരുകൾ വിളിച്ചു പറഞ്ഞ് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന രീതിയാണ് മാപ്പിളമാരിൽ പലപ്പോഴും കാണാറുള്ളത്. ബദ്ർയുദ്ധം ചരിത്രത്തിൽ നിർവഹിച്ച പ്രാധാന്യം തിരിച്ചറിഞ്ഞു കൊണ്ട് അതിൽ പങ്കെടുത്തവർക്ക് പ്രത്യേക വിശുദ്ധി മാപ്പിളമാർ കൽപ്പിച്ചു പോരുന്നു. 'ചങ്ങല'യിലെ മാപ്പിളമാരും 'ബദ്രീങ്ങളുടെ അനുഗ്രഹം കൊണ്ട് രോഗമുക്തി ഉണ്ടാകണേ അല്ലാഹുവേ' എന്നു തന്നെയാണ് പ്രാർത്ഥിക്കുന്നത് ബദ്രീങ്ങളുടെ ആണ്ട്, നേർച്ചച്ചോറ് കൊടുക്കുന്നത്, നേർച്ചച്ചോർ ഉണക്കി ബർമയിലും സിംഗപ്പൂരിലും പോകുന്നവർക്ക് കൊടുത്തുവിടുന്നത് തുടങ്ങിയ ആചാരങ്ങൾ 'അറബിക്കടലിന്റെ തീരം' എന്ന നോവലിൽ കടന്നുവരുന്നുണ്ട്.

സവിശേഷ സന്ദർഭങ്ങളിൽ ഉസ്താദുമാരുടെ ഉപദേശങ്ങൾ തേടുകയും പ്രാർത്ഥിക്കാൻ പറയുകയും ചെയ്യുന്നത് മാപ്പിള ജീവിതങ്ങളിലെ പതിവാണ്. പ്രാഗ്-കൊളോണിയൽ, കൊളോണിയൽ കാലഘട്ടം മുതൽ ഈ ജീവിത ശീലം മാപ്പിളമാർക്കിടയിലുണ്ട്. ആധുനിക, ആധുനികാനന്തര സമുദായ ജീവിത നേരങ്ങളിലും അത് തുടർന്നു പോരുന്നു. മാപ്പിള ജീവിതങ്ങളെ പ്രചോദിപ്പിച്ച ഉസ്താദുമാരെ ഖാദർ തന്റെ രചനകളിൽ കൊണ്ടുവന്നിട്ടുണ്ട്. 'പൊന്നുരുളി' എന്ന നോവെല്ലയിൽ പക്രാൻ മാപ്പിള തന്റെ വീടിന്റെ പണിതീരാനും പാലുകാച്ചാനും

പറ്റിയ സമയമേതാണെന്ന് നന്തിയിലെ മൂസ മുസ്‌ലിയാരെ വിളിച്ച് ചോദിക്കുന്നത് കാണാം(തൃക്കോട്ടൂർ നോവെല്ലകൾ, പുറം: 94). 'അലിമൊട്ട്' എന്ന കഥയിൽ നടുവണ്ണൂരിലെ ഖാസിയായ കുഞ്ഞമ്മദ് മുസ്‌ലിയാരുടെ മകളുടെ കല്യാണവുമായി ബന്ധപ്പെട്ട ചർച്ച നാട്ടിലെ ആളുകൾ ആദ്യം നടത്തുന്നത് അവറാൻ ഖാസിയോടാണ്. 'ഖാസിയോട് അനുവാദം ചോദിക്കാതെ ഒരു കാര്യത്തിനും ഇറങ്ങിപ്പുറപ്പെട്ടുകൂടാ എന്ന നില വന്നവർക്ക് അറിയാമായിരുന്നു' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2020, പുറം: 8) എന്ന വിശദീകരണം ഖാസി ഒരു അധികാര കേന്ദ്രം കൂടിയാണെന്ന സൂചന നൽകുന്നുണ്ട്. ഒരു നേതൃത്വത്തിനു കീഴിൽ പ്രവർത്തന ക്ഷമമാകുകയെന്ന പൊതു തത്ത്വത്തിന്റെ പ്രതിഫലനമാണ് ഉസ്താദ്.

മലയാളിവായനാസമൂഹത്തിന് നിരവധി മാപ്പിള വ്യവഹാര പദങ്ങളും വാമൊഴികളും യു.എ ഖാദറിന്റെ രചനകളിലൂടെ അടുത്തറിയാനായി. സദർ മുദരിസ്, ഇൽമ്, തൗഫീഖ്, മസ്അല, ഒളു (വുളൂഅ്) തുടങ്ങിയ അറബിപദങ്ങൾ- അതേസമയം, മാപ്പിളമാർ സാധാരണ ഉപയോഗിക്കുന്നവ-ലളിതമായ ആഖ്യാനങ്ങൾക്കകത്ത് ഒതുക്കിവെച്ച് മനോഹരമാക്കി. മലയാളത്തിൽ മുസ്‌ലിംജീവിതത്തെ അതിന്റെ അനുഷ്ഠാന-വിശ്വാസ മണ്ഡലങ്ങളിൽ സ്വാംശീകരിച്ച് ഇത്രത്തോളം അവതരിപ്പിച്ച മറ്റൊരു എഴുത്തുകാരനുണ്ടോ എന്ന കാര്യം സംശയമാണ്. ഖാദർ തന്നെ പറയുന്നു: "ഏറ്റവും കൂടുതൽ നേർച്ചയെ കുറിച്ച് അറിയാവുന്ന മലയാളത്തിലെ എഴുത്തുകാരൻ ഞാനാണ്. മുസ്‌ലിം പള്ളികൾക്കകത്ത് നടക്കുന്ന എല്ലാ കാര്യങ്ങളും എനിക്ക് മന:പാഠമാണ്. എല്ലാ മൗലൂദുകളും മന:പാഠമായിട്ടുള്ള ഒരു എഴുത്തുകാരൻ ഞാനാണ്. അതുപോലെ ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും എനിക്ക് പരിചിതമാണ്"(മാധ്യമം ആഴ്ചപ്പതിപ്പ്, 2020, പുറം: 41). രചനകൾ അതിനു അടിവരയിടുകയും ചെയ്യുന്നു.

**ഉപസംഹാരം**

തനിക്കു ചുറ്റുമുള്ള ലോകത്തെയും ജനതയെയും ആദർശവത്കരിക്കാനോ ആധുനികമായ കാഴ്ചപ്പാടിന്റെ ബലത്തിൽ വ്യാഖ്യാനിക്കാനോ അല്ല യു.എ ഖാദർ ശ്രമിക്കുന്നത്. മറിച്ച്, ഒരു അത്ഭുതമായി അവയെ നോക്കിക്കാണുകയും കൗതുക സംഭവങ്ങളായി പുനരാഖ്യാനത്തിനു വിധേയമാക്കുകയുമാണ് ചെയ്തത്. യുക്തിയുടെ ശരിതെറ്റുകൾക്കപ്പുറത്ത് മനുഷ്യജീവിത ത്തിന്റെ അനുഭവങ്ങളുടെയും വിശ്വാസങ്ങളുടെയും പരിഗണനയിൽ കാര്യങ്ങളെ കാണുന്നു. ഭൂതകാലത്തെ ത്രസിപ്പിച്ച കഥകളെയും മിത്തുകളെയും ഭാവിയുടെ കുടി സൂക്ഷിപ്പായി കണ്ട് ആഖ്യാനങ്ങ

ISSN:2582-550X

ളിൽ ഉപയോഗിക്കുന്നു. ഏതായാലും, വായനക്കാരനെ പലതര ഭാവനകളിലേക്ക് കൊണ്ടുപോകാൻ ശേഷിയുള്ള രചനകളാണ് യു.എ ഖാദറിന്റേത്.

**ഗ്രന്ഥസൂചി**


മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 98, ലക്കം 41, 27 ഡിസംബർ 2020.

മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്തകം 23, ലക്കം 1191, 28 ഡിസംബർ 2020.

ഡോ. വി റീജ, തൃക്കോട്ടൂർ തായ്‌വഴി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008

യു.എ ഖാദർ, തൃക്കോട്ടൂർ നോവെല്ലകൾ, ഡി.സി ബുക്സ്, 2010.

എ.പ്രതീപ് കുമാർ(എഡിറ്റർ), സാഹിത്യത്തിലെ ഫോക്‌ലോർ, കേരള ഫോക്‌ലോർ അക്കാദമി, 2006.

യു.എ ഖാദറിന്റെ വിവിധ രചനകൾ.



**ഡോ.മുഹമ്മദ് ശഫീഖ് വഴിപ്പാറ**

അസിസ്റ്റന്റ് പ്രൊഫസർ

മലയാള വിഭാഗം

ഡബ്ല്യു.എം.ഒ ആർട്സ് ആന്റ് സയൻസ് കോളേജ്

മുട്ടിൽ പി.ഒ

വയനാട്-673122

മൊബൈൽ: 8606444162

shafeeqvazhippara@gmail.com